©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 9 / Vol. IX

തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday

2020 നവംബർ 17 / 17th November 2020
1196 വൃശ്ചികം 2 / 2nd Vrischikam 1196
1942 കാർത്തികം 26 / 26th Karthika 1942

നമ്പർ / No. 45

# PART III
# Co-operative Department

### മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ-ശ്രീ. മുഹമ്മദ് അഷ്റഫ്, ടി.)

നമ്പർ JRMPM/4269/2019-HMC. 2020 ഒക്ടോബർ 1.

വിഷയം:—പെരിന്തൽമണ്ണ താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എം. 270—സംഘം പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം നടത്തിയ പരിശോധന റിപ്പോർട്ടും പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാറുടെ 17-2-2018-ലെ എം.കെ. 1936/2016-ാം നമ്പർ കത്തും.

(2) പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാറുടെ 27-8-2019-ലെ ഒ.1618/2019-ാം നമ്പർ കത്ത്.

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്ക് പ്രവർത്തന പരിധിയായി 27-11-1979-ൽ രജിസ്റ്റർ ചെയ്ത് 20-2-1980-ൽ പ്രവർത്തനമാരംഭിച്ച പെരിന്തൽമണ്ണ താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എം. 270 കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷനും, നിക്ഷേപകർക്കുമായി 4 കോടിയിലധികം ബാധ്യത ഉള്ളതായും, എന്നാൽ ലഭ്യമായ സംഘം ആസ്തികളിൽ നിന്നും, വായ്പാ ബാക്കിനില്പിൽ നിന്നും ഈ ബാധ്യത തീർക്കുന്നതിനാവശ്യമായ തുക ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്നും കൂടാതെ സംഘത്തിന്റെ ബാധ്യതകൾ തീർത്ത് ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസരിച്ച് മുന്നോട്ട് കൊണ്ട് പോകുന്നതിന് സംഘത്തിൽ സ്ഥിരം ജീവനക്കാരോ ഭരണസമിതിയോ ഇല്ലെന്നും ടി സാഹചര്യത്തിൽ സംഘം പ്രവർത്തനം കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുകയാകും അഭികാമ്യമെന്ന് പരാമർശം (1) പ്രകാരം പരിശോധന ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുണ്ട്.

സംഘം വർഷങ്ങളായി പ്രവർത്തന രഹിതമാണെന്നും, സംഘത്തിൽ ജീവനക്കാരോ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയോ നിലവിലില്ലെന്നും നിക്ഷേപയിനത്തിൽ 2 കോടി രൂപയും ഗ്രൂപ്പ് ഡെപ്പോസിറ്റ് പദ്ധതി പ്രകാരം 7 ലക്ഷം രൂപയും 2.71 കോടി രൂപ ഹൗസിംഗ് ഫെഡറേഷനും നൽകാനുണ്ടെന്നും

സംഘത്തിൽ വായ്പ അടവാക്കുകയും, ഫെഡറേഷനിൽ അടവാക്കാതിരിക്കുകയും ചെയ്ത 3 വായ്പ പണയാധാരങ്ങൾ തിരികെ നൽകാനുണ്ടെന്നും, വായ്പാ ഇനത്തിൽ കാര്യമായി ഒന്നും തിരിച്ച് കിട്ടാനില്ലെന്നും, സംഘം പൊതുയോഗം കൂടുന്നതിന് നിരവധി തവണ തീരുമാനിച്ചെങ്കിലും അംഗങ്ങൾ പങ്കെടുക്കാത്തതിനാൽ പൊതുയോഗം കൂടിയിട്ടില്ലെന്നും, സംഘം പുനരുജ്ജീവിപ്പിക്കുന്നതിനോ, നടത്തികൊണ്ട് പോകുന്നതിനോ സാമ്പത്തിക പ്രയാസങ്ങൾമൂലം സാധ്യമല്ലെന്നും, സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

66-ാം വകുപ്പ് പ്രകാരമുള്ള പരിശോധനാ റിപ്പോർട്ടിൽ സംഘം സമാപ്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുകയും, ലിക്വിഡേറ്ററായി മേലാറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ സംഘം പ്രവർത്തനം സമാപ്തീകരിക്കലാണ് ഉചിതമായ നടപടി എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പെരിന്തൽമണ്ണ താലൂക്ക്, റൂറൽ ഹൗസിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എം. 270-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും, വകുപ്പ് 72 (1) പ്രകാരം പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മേലാറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജെടുക്കേണ്ടതും, ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69 (3) പ്രകാരമുള്ള ത്രൈമാസ റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ഓഫീസ്,
സിവിൽ സ്റ്റേഷൻ പി. ഒ., (ഒപ്പ്)
മലപ്പുറം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).